# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

03.10.2016 ൽ - മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1505

## റേഷൻ വിതരണ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറയ്ക്കൽ അബ്ദുല്ല: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ വിതരണ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മൊത്തവ്യാപാരികളെ പൂർണ്ണമായും ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) 2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ മൊത്ത വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ നിന്ന് ഭക്ഷ്യ വസ്തുക്കൾ സർക്കാർ നേരിട്ട് റേഷൻ കടകളിലെത്തിക്കുമോ ; | (ബി) എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ശേഖരിച്ച് റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (സി) അല്ലെങ്കിൽ എഫ്.സി.ഐ.യിൽ നിന്ന് റേഷൻ കടക്കാർ നേരിട്ട് അരി വാങ്ങി ഉപഭോക്താക്കൾക്ക് നൽകുമോ ; | (സി) അങ്ങനെ തീരുമാനമെടുത്തിട്ടില്ല. |
| (ഡി) ഈ പരിഷ്കരണം ഏത് നയത്തിന്റെ ഭാഗമാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ; | (ഡി) കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമാണ് ഈ പരിഷ്ക്കരണം. |
| (ഇ) പുതിയ പരിഷ്കരണം എന്നു മുതൽ സംസ്ഥാനത്ത് നടപ്പാക്കും ; പദ്ധതി നടപ്പാക്കുന്നതിലൂടെ റേഷൻ വിതരണ രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്നാണ് സർക്കാർ കരുതുന്നത്.; വിശദാംശങ്ങൾ നൽകുമോ ? | 01.03.2017 മുതൽ റേഷൻ കാർഡുകൾ വിതരണം ചെയ്ത് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിലൂടെ റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ പൂർണ്ണമായി നിർത്തലാക്കാൻ കഴിയുന്നതാണ്. |

*സെക്ഷൻ ഓഫീസർ*